II ഇ.ബി. XII കേരള നിയമസഭ/IX-8

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 4 വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

26 (*241) വൈദ്യുതി മോഷണം

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, വൈദ്യുതി മോഷണം തടയുന്നതിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള 11 സ്ക്വാഡുകൾക്കു പുറമേ പുതുതായി 5 സ്ക്വാഡുകളുടെ പ്രവർത്തനം കൂടി ആരംഭിച്ചിട്ടുണ്ട്. മലപ്പുറത്തും തിരുവല്ലയിലും പുതുതായി സ്ക്വാഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒരു ഡി.ഐ.ജി., രണ്ട് എസ്.പി., രണ്ട് ഡിവൈ.എസ്.പി. എന്നിവരടങ്ങുന്നതാണ് ആന്റി പവർതെഫ്റ്റ് സ്ക്വാഡ്. ആധുനിക മീറ്റർ ടെസ്റ്റിംഗ് ഉപകരണങ്ങൾ എല്ലാ യൂണിറ്റുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 151 (ബി) പ്രകാരം വൈദ്യുതി മോഷണത്തിന് ചാർജ് ചെയ്യുന്ന കേസുകൾ Non bailable and cognizable ആണ്. ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ വിവിധ വകുപ്പുകൾ പ്രകാരമാണ് വൈദ്യുതി മോഷണവുമായി

ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇതിനായി സെക്ഷൻ 153 പ്രകാരം 43 സ്പെഷ്യൽ കോടതികൾ ഡെസിഗ്നേറ്റ് ചെയ്തിട്ടുണ്ട്. വൈദ്യുതി മോഷണം നടത്തുന്ന പല കേസ്സുകളും പ്രോസിക്യൂഷൻ നടപടിയിലേയ്ക്ക് പോകാതെ തന്നെ പരിഹരിക്കാൻ കഴിയുന്നുണ്ട്. ഇ.എച്ച്.ടി/എച്ച്.ടി. ഉപഭോക്താക്കൾക്ക് വൈദ്യുതി മോഷണം സാധിക്കാത്ത വിധം ഓട്ടോമാറ്റഡ് മീറ്റർ റീഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വൈദ്യുതിമോഷണവുമായി ബന്ധപ്പെട്ട് 45,86,00,000 രൂപ പിഴയായി വസൂലാക്കിയിട്ടുണ്ട്. 8 ലക്ഷം എൽ.സി.ഡി.(ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേ) മീറ്ററുകൾ വാങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരാഫീസുകളിലും മറ്റുമുള്ള വൈദ്യുതി ദുരുപയോഗം നിയന്ത്രിക്കാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അപേക്ഷിക്കുന്നവർക്കെല്ലാം കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

27 (*242) <u>മാലിന്യമുക്ത കേരളം പദ്ധതി</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) നൽകിയ മറുപടിയിൽ 2006 ഒക്ടോബർ രണ്ടിനാണ് മാലിന്യമുക്ത കേരളം പദ്ധതി ആരംഭിച്ചതെന്ന് സഭയെ അറിയിച്ചു. ആദരണീയയായ രാഷ്ട്രപതി 2007 നവംബർ ഒന്നിന് ഉൽഘാടനം ചെയ്ത മാലിന്യമുക്ത കേരളം കർമ്മ പദ്ധതിപ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു.

ശുചിത്വ മേഖലയിലെ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിന് ശുചിത്വ മിഷന്‍ രൂപീകരിച്ചു;

കേന്ദ്രസര്‍ക്കാര്‍ സഹായത്തോടെ കമ്മ്യൂണിക്കേഷന്‍ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു) പ്രവര്‍ത്തനമാരംഭിച്ചു;

ഖരമാലിന്യപരിപാലന പ്ലാന്റുകള്‍ സ്ഥാപിക്കുന്നതിന് മാര്‍ഗനിര്‍ദ്ദേശങ്ങളും യൂണിറ്റ് കോസ്റ്റും പ്രവൃത്തി പരിപാലനരീതികളും ആദ്യമായി ആവിഷ്കരിച്ചു;

സംസ്ഥാന ബഡ്ജറ്റില്‍ ശുചിത്വ മേഖലയിലെ പ്രവര്‍ത്തനങ്ങള്‍ക്കായി 451 ലക്ഷം രൂപ വകയിരുത്തി;

രണ്ടു വര്‍ഷത്തിനുള്ളില്‍ ആറ് തീവ്രശുചീകരണ പരിപാടികള്‍ സംഘടിപ്പിച്ചു;

പ്ലാസ്റ്റിക് വസ്തുക്കളുടെ നിയന്ത്രണം കര്‍ശനമാക്കുകയും എല്ലാ പഞ്ചായത്തിലും ശുചിത്വ സമീപന രേഖ തയ്യാറാക്കുകയും ചെയ്തു;

2006 ഒക്ടോബര്‍ മുതല്‍ ഇതുവരെ 4.1 ലക്ഷം വ്യക്തിഗത ടോയ്‌ലറ്റുകളും 1161 സ്കൂള്‍ ടോയ്‌ലറ്റുകളും 1898 അങ്കണവാടി ടോയ്‌ലറ്റുകളും 113 ശുചിത്വ സമുച്ചയങ്ങളും സ്ഥാപിച്ചു;

49 മുനിസിപ്പാലിറ്റികളിലും 44 പഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലന പദ്ധതികള്‍ ആരംഭിക്കുന്നതിനായി 52.46 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും സംസ്ഥാന വിഹിതമായി 19.19 കോടി രൂപ നല്‍കുകയും ചെയ്തു. കോര്‍പ്പറേഷനിലെ വിവിധ ശുചിത്വ പദ്ധതികള്‍ക്ക് 710.1 കോടി രൂപയും ചെറുപട്ടണങ്ങളുടെ ശുചിത്വ പദ്ധതികള്‍ക്ക് 79.29 കോടി രൂപയും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികള്‍ വഴി സ്വരൂപിച്ചു;

826 (83%) ഗ്രാമപഞ്ചായത്തുകള്‍ക്ക് കേന്ദ്ര സര്‍ക്കാര്‍ ഏര്‍പ്പെടുത്തിയ നിര്‍മല്‍ പുരസ്ക്കാരം ലഭിച്ചു. നാല് ജില്ലാപഞ്ചായത്തുകളും 90 ബ്ലോക്ക് പഞ്ചായത്തുകളും നിര്‍മല്‍പദവി നേടി. അവാര്‍ഡ് തുകയായി 61.3 കോടി രൂപ ലഭിച്ചു.

വികേന്ദ്രീകൃതമായി പൊതുമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക, സ്രോതസ്സില്‍ തന്നെ മാലിന്യം സംസ്ക്കരിക്കുക, ജൈവ- അജൈവ മാലിന്യങ്ങള്‍ തരംതിരിച്ച് ശേഖരിക്കുക എന്നീ പൊതുനയത്തിന്റെ

അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു:

ഖരമാലിന്യ പരിപാലന സംവിധാനം തുടക്കം കുറിച്ചിട്ടില്ലാത്ത നാലു നഗരസഭകൾക്ക് സഹായം ലഭ്യമാക്കുക;

നഗരസ്വഭാവം ആർജ്ജിച്ച ഇരുന്നൂറ് ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പദ്ധതി ആരംഭിക്കുക.

പട്ടണങ്ങളിൽ ശുചിത്വ സങ്കേതങ്ങൾ തുടങ്ങുക.

അറവുശാലകൾക്കും, കോഴി മാലിന്യങ്ങളുടെ സംസ്ക്കരണത്തിനും സഹായം ചെയ്യുക.

ശുചിത്വപരിപാലനത്തിൽ മാതൃകയാകുന്ന പൊതു സ്ഥാപനങ്ങൾക്ക് മാലിന്യ മുക്ത അവാർഡ് നൽകുക.

45000 ടോയ്‌ലറ്റുകളും 356 ശുചിത്വസമുച്ചയങ്ങളും സ്ഥാപിക്കുക.

സംസ്ഥാനത്തെ നിർമൽ പദവിയ്ക്ക് അർഹമാക്കും വിധം ശേഷിക്കുന്ന 173 ഗ്രാമപഞ്ചായത്തുകൾക്ക് നിർമൽ പുരസ്ക്കാരം നേടിയെടുക്കുക.

നിർമൽ പുരസ്ക്കാരത്തിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുക ഖരമാലിന്യ പ്രശ്നം പരിഹരിക്കും വിധം വിനിയോഗിക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളുടേയും ബഹുജനപങ്കാളിത്തത്തോടെയുമാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാടിസ്ഥാനത്തിലും പഞ്ചായത്തുതലത്തിലും ജനകീയ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിന്റേയും നയസമീപന രേഖകൾ പ്രത്യേക ഗ്രാമസഭകൾ ചേർന്നാണ് അംഗീകരിക്കുന്നത്. പൊതു സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സ്കൂളുകളുടെയും ശുചീകരണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും നടപ്പാക്കുന്ന ഈ പദ്ധതിയിൽ പോരായ്മയുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. മാലിന്യമുക്ത

കേരളം പദ്ധതിക്ക് വിപുലമായ ജനപിന്തുണ ലഭിക്കുന്നുണ്ടെങ്കിലും ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ പല സ്ഥലങ്ങളിലും ജനങ്ങൾ എതിർപ്പ് പ്രകടിപ്പിക്കാറുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരേണ്ടതുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ചും മാലിന്യ സംസ്കരണ കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ ജനങ്ങളെ ബോധ്യപ്പെടുത്തിയും ജനകീയ പങ്കാളിത്തം കൂടുതൽ നേടിയെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കെട്ടിടനിർമ്മാണത്തിനായി പ്ളാൻ തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ ശാസ്ത്രീയ കക്കൂസ് നിർമ്മാണത്തിനുള്ള നിബന്ധനകൂടി ഉൾപ്പെടുത്തണമെന്ന് കർശന നിർദ്ദേശം നൽകുന്നുണ്ട്. തീരപ്രദേശങ്ങളിലും പുഴയോരങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി കർശനമാക്കാൻ താമസിയാതെ ഉത്തരവിറക്കുന്നതാണ്. മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം എല്ലാ പട്ടണങ്ങളിലും ഏർപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വലിയ മാലിന്യസംസ്കരണ പ്ളാന്റുള്ള മുനിസിപ്പാലിറ്റികൾക്ക് സമീപഞ്ചായത്തുകളിലെ മാലിന്യം കൂടി ശേഖരിച്ച് സംസ്കരിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്. മാലിന്യസംസ്കരണത്തിന് അനുവദിക്കുന്ന തുക വകമാറി ചെലവഴിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മലിനജലം ശുദ്ധജലസ്രോതസ്സുകളിലേയ്ക്ക് ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണ പ്ളാന്റിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് തീരുമാനം എടുക്കുന്നതാണ്. വിളപ്പിൽശാല ചവർ സംസ്കരണഫാക്ടറിക്ക്

ആവശ്യമായ ചില പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടെ സമീപപ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പു വരുത്തി മാത്രമേ അറവുശാലകൾക്ക് ലൈസൻസ് നൽകാവൂ എന്നും ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ളാന്റിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*243) <u>പട്ടികവിഭാഗക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റുമെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവയിൽ 50 ശതമാനം വർദ്ധനവ് 1-4-2008 മുതൽ വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇവരുടെ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ താഴെ ചേർക്കുന്നു:

പ്രീമെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് 700 രൂപയായും പോസ്റ്റു മെട്രിക് ഹോസ്റ്റലുകളിലേത് 900 രൂപയായും വർദ്ധിപ്പിച്ച് വിതരണം ചെയതിട്ടുണ്ട്. എം.ആർ.എസ് മെസ് ചാർജ് 1 മുതൽ 10 വരെ ക്ലാസു കൾക്ക് 700 രൂപയായും പ്ലസ്വൺ-പ്ലസ്ടു ക്ലാസുകൾക്ക് 900 രൂപ യായും വർദ്ധിപ്പിച്ചു;

അഡ്വക്കേറ്റ്മാർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പുസ്തകം വാങ്ങുന്നതി നായി നൽകിവരുന്ന ധനസഹായം 6250 രൂപയായി വർദ്ധിപ്പിച്ചു;

ഐ.ടി.സി വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 900 രൂപയായി വർദ്ധിപ്പിച്ചു;

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ യൂണിഫോം അലവൻസ് 1 മുതൽ 7 വരെ ക്ലാസുകളിൽ 1500 രൂപയായും 8 മുതൽ 12 വരെ ക്ലാസു കളിൽ 2000 രൂപയായും വർദ്ധിപ്പിച്ചു;

സർക്കാർ/എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യമില്ലെങ്കിൽ 1000 രൂപ പ്രതിമാസം സ്റ്റൈപന്റ് അനുവദിച്ചിട്ടുണ്ട്;

പ്രവേശന പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5000 രൂപയുടെ സഹായം നൽകുന്നു;

കോഴിക്കോട് യൂണിവേഴ്സിറ്റി നടത്തുന്ന എം.ഫിൽ/പി.എച്ച്.ഡി. ഇന്റഗ്രേറ്റഡ് കോഴ്സ്, ലാറ്ററൽ എൻട്രി വഴി പ്രവേശനം ലഭിക്കുന്ന എഞ്ചിനീയറിംഗ്-ബി.ഫാം കോഴ്സുകൾ, അംഗീകൃത യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന സ്വാശ്രയ കോഴ്സുകൾ, എം.സി.എ, ആയുർവേദ നഴ്സിംഗ്, ആയുർവേദ ബി.ഫാം, ബി.എഡ്, നഴ്സിംഗ് കോഴ്സുകൾ, അഖിലേന്ത്യാ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നൽകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഐ.ഐ.ടി., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂർ, നാഷണൽ കൗൺസിൽ ഓഫ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നിവ നടത്തുന്ന കോഴ്സുകൾ, കൽപിത സർവ്വകലാശാലകളായ കേരള കലാമണ്ഡലം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം, സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷക്ക് പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ നിരക്കിൽ ഫീസ് എന്നിവ അനുവദിച്ചു. സി.ഡിറ്റ് മുഖാന്തിരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രെയിനിംഗ് കോഴ്സുകൾക്കായി നടത്തി വരുന്ന സൈബർശ്രീ പദ്ധതി അനുസരിച്ച് ഇപ്പോൾ 250 കുട്ടികൾക്ക് പരിശീലനം

നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവിഭാഗങ്ങൾക്ക് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പട്ടിക ജാതി വികസന വകുപ്പിൻ കീഴിൽ 4 എം.ആർ. എസ്സുകളിലും പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 5 എം.ആർ.എസ്-കളിലും പ്ലസ് വൺ, പ്ലസ്ടൂ കോഴ്സുകൾ അനുവദിച്ചു. പട്ടികജാതി വികസന വകുപ്പിൽ 2 എം.ആർ.എ സ്സുകളുടെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 9 എം.ആർ.എസ്സുകളുടെയും കെട്ടിടം പണി പൂർത്തിയാക്കി. പട്ടികജാതി വികസന വകുപ്പിൽ 3 പോസ്റ്റു മെട്രിക് ഹോസ്റ്റലുകൾക്കും, 9 പ്രീമെട്രിക് ഹോസ്റ്റലുകൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിൽ 6 പ്രീമെട്രിക് ഹോസ്റ്റലുകൾക്കും പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 11 കോടി രൂപ ചെല വഴിച്ചു. അയ്യൻകാളി സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 1.27 കോടി രൂപ അനുവദിച്ചു. വെള്ളയമ്പലം പോസ്റ്റു മെട്രിക് ഹോസ്റ്റലിനെ മോഡൽ ഹോസ്റ്റലാക്കി മാറ്റി. പാലക്കാട്, കണ്ണൂർ ജില്ല കളിൽ പുതിയതായി ഓരോ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കു ന്നതിന് നടപടി സ്വീകരിച്ചു. കോട്ടയം നഴ്സിംഗ് കോളേജ് ഹോസ്റ്റൽ ആരംഭി ക്കുന്നതിന് 1.7 കോടി രൂപ അനുവദിച്ചു. സെന്റർ ഓഫ് എക്സലൻസ് കോഴി ക്കോട് എന്ന സ്ഥാപനത്തെ CREST എന്ന പേരിൽ ഒരു സ്വയം ഭരണ സ്ഥാപനമാക്കി മാറ്റി. 8 ഐ.ടി.സി.കളെ മോഡൽ ഐ.ടി.സി.കളാക്കി മാറ്റാൻ നടപടി സ്വീകരിച്ചു. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ വഴി പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

കിർത്താഡ്സ് മുഖാന്തിരം പ്രത്യേക മെഡിക്കൽ എൻട്രൻസ് കോച്ചിംഗും നൽകി. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ഫീസാനുകൂല്യം നൽകി. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്., ബി.ഡി.എസ് കോഴ്സുകൾക്ക് അർഹതപ്പെട്ട സീറ്റുകളിൽ പ്രവേശനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചു. വിദേശ പഠനത്തിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിൽ 5 ലക്ഷം രൂപക്ക് 6% പലിശയും 5 ലക്ഷം രൂപയ്ക്ക് മുകളിൽ 8.5% പലിശയുമാണ് ഉള്ളത്. വിദേശ പഠനത്തിന് 5 ലക്ഷം രൂപ വരെ വകുപ്പിൽ നിന്ന് ഗ്രാന്റായി അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതി 2009-10 പദ്ധതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 238 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്)

4(ചോദ്യം നമ്പർ 243)

പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പു മന്ത്രി (ശ്രീ.എ.കെ. ബാലൻ):

(എ) സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റുമെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവയിൽ 50% വർദ്ധനവ് വരുത്തി 1-4-2008 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

2) പ്രീമെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് 500 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുകയും, പോസ്റ്റു മെട്രിക്